# നീര : സർക്കാറിൻെറ ശ്രമം കേരകർഷകരെ സഹായിക്കാൻ -മന്ത്രി

പിറവം: നീര ഉത്പാദിപ്പിക്കാനുള്ള അവകാശം കർഷകർക്ക് നൽകാൻ സർക്കാർ ശ്രമിക്കുന്നത് കേരകർഷകരെ രക്ഷിക്കാനാണെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. രാമമംഗലത്ത് ജില്ലയിലെ നാളികേര ഉത്പാദക ഫെഡറേഷൻ അംഗങ്ങളുടെ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രാമമംഗലം ഫെഡറേഷൻ പ്രസിഡൻറ് സി.സി. ജോൺ അധ്യക്ഷനായി. നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫിസർ ലിന മോാം എം.എ. പദ്ധതി വിശദീകരിച്ചു.

രാമമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വിൽസൺ കെ. ജോൺ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ജോസഫ് ബാബു, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷോബി എബ്രഹാം, ബ്ലോക്ക് പഞ്ചായത്തംഗം ഷെർളി സ്റ്റീഫൻ, കോതമംഗലം ഫെഡറേഷൻ പ്രസിഡൻറ് പി.പി. മത്തായി, പറവൂർ ഫെഡറേഷൻ പ്രസിഡൻറ് പി.കെ. ഹരിഹരൻ, പാഴൂർ സംഘം പ്രസിഡൻറ് സി.ടി. ജോർജ് എന്നിവർ പ്രസംഗിച്ചു.

രാമമംഗലം ഫെഡറേഷൻ സെക്രട്ടറി കെ.ഇ. തമ്പി സ്വാഗതവും ട്രഷറർ ഷാജി കുടിയിരിക്കൽ നന്ദിയും പറഞ്ഞു.



ജില്ലയിലെ നാളികേര ഉത്പാദക ഫെഡറേഷനുകളുടെ പ്രതിനിധി സമ്മേളനം മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു